# കേരള സംഗീത നാടക അക്കാദമി തൃശ്ശൂർ - 20

## പ്രവാസി അമേച്വർ നാടകോത്സവം - 2022

## നിയമാവലി

1. ഈ നിയമാവലി പ്രകാരം 'പ്രവാസി' എന്നാൽ ഇന്ത്യക്കകത്തും / എന്നാൽ കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ എന്നാണ് വിവക്ഷിക്കുന്നത്. ഇത് തെളിയിക്കുന്ന വ്യക്തമായ തിരിച്ചറിയൽ രേഖകൾ (വോട്ടർകാർഡ്, ആധാർകാർഡ് മുതലായവ) ഹാജരാക്കേണ്ടതാണ്.

2 അക്കാദമിയിൽ അഫിലിയേറ്റ് ചെയ്യാത്ത സമിതികൾക്കും നാടകോത്സവത്തിൽ പങ്കെടുക്കാവുന്നതാണ്.

3 ചെന്നൈ, മഹാരാഷ്ട്ര, ഡൽഹി എന്നീ മേഖലകളിലായിട്ടായിരിക്കും നാടകോത്സവം നടത്തുന്നത്. ഓരോ മേഖലയിൽ നിന്നും പരമാവധി അഞ്ചു നാടകങ്ങൾ വീതം നാടകോത്സവത്തിനു തെരഞ്ഞെടുക്കും. സ്ക്രിപ്റ്റ് തെരഞ്ഞെടുക്കുന്നത് അക്കാദമി നിശ്ചയിക്കുന്ന അഞ്ചുപേരടങ്ങുന്ന ഒരു ജഡ്ജിംഗ് കമ്മിറ്റിയായിരിക്കും.വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും. അക്കാദമി സെക്രട്ടറി ജൂറിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കും.

4 നാടകോത്സവത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ തങ്ങളുടെ അപേക്ഷകളും നാടകത്തിന്റെ സ്ക്രിപ്റ്റുകളും താഴെ പറയുംവിധം അയച്ചിരിക്കേണ്ടതാണ്.

എ) നാടകോത്സവത്തിൽ പങ്കെടുക്കാനുള്ള അപേക്ഷ അക്കാദമിയുടെ നിശ്ചിത ഫോറത്തിൽ നാടകം അവതരിപ്പിക്കുന്ന സംഘത്തിന്റെ സെക്രട്ടറിയുടെ/ മറ്റു ഉത്തരവാദപ്പെട്ട അധികാരികളുടെയും ഒപ്പോടുകൂടി അക്കാദമി പ്രസിദ്ധപ്പെടുത്തുന്ന നിശ്ചിത തിയതിക്കകം അയച്ചിരിക്കണം.

ബി) നാടകാവതരണത്തിന്റെ സംവിധായകകുറിപ്പും നാടകകൃത്തിന്റെ സമ്മതപത്രവും അപേക്ഷയോടൊപ്പം ഹാജരാക്കണം.

സി) നാടകത്തിന്റെ ഡി.ടി.പി ചെയ്ത അഞ്ചു കോപ്പികൾ വീതം അയക്കണം. അവ തിരികെ കൊടുക്കുന്നതല്ല. നാടകത്തിന്റെ കോപ്പിയിൽ, അവതരിപ്പിക്കുന്ന സംഘത്തിന്റേയോ നാടകകൃത്തിന്റേയോ പേരും വിലാസവും ഉണ്ടായിരിക്കരുത്.

ഡി) നോവൽ, ചെറുകഥ, കവിത, വിദേശ നാടകങ്ങൾ എന്നിവയുടെ പുതിയ നാടകരൂപങ്ങൾ (പുനരെഴുത്ത്) നാടകോത്സവത്തിന് സ്വീകരിക്കുന്നതാണ്.

ഇ) സ്വതന്ത്രമായ നാടക രചനയല്ലാതെ, മറ്റേതെങ്കിലും കൃതിയുടെയോ, ആവിഷ്കാരങ്ങളുടെയോ, അഡാപ്റ്റേഷനുകളിലൂടെയോ തയ്യാറാക്കിയതാണെങ്കിൽ മൂലകൃതിയുടെ രചയിതാവിന്റെ/അവകാശിയുടെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്. ആയതിന് എന്തെങ്കിലും സാങ്കേതികതടസ്സം, നേരിട്ടാൽ പകർപ്പാവകാശം

സംബന്ധിച്ച് നിയമപരമായി ഉണ്ടാകുന്ന പ്രശ്നങ്ങളുടെ പരിപൂർണ്ണ ഉത്തരവാദിത്തം നാടക സംഘം ഏറ്റെടുക്കുന്നതാണെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഹാജരാക്കേണ്ടതാണ്.

5 അവതരണാനുമതി ലഭിക്കുന്ന നാടകസംഘങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും നാടകം അവതരിപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇക്കാര്യം ഉറപ്പു നൽകുന്ന ഒരു കരാർ 200 രൂപയുടെ മുദ്രപത്രത്തിൽ ഒപ്പിട്ട് നല്കേണ്ടതാണ്.

6 നാടകോത്സവത്തിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

എ) നാടകത്തിന്റെ അവതരണ ദൈർഘ്യം ഒരു മണിക്കൂറിൽ കുറയാൻ പാടില്ല.

ബി) പ്രക്ഷേപണം ചെയ്തിട്ടില്ലാത്തതും അവതരിപ്പിച്ചിട്ടില്ലാത്തതുമായ പുതിയ നാടക രചനകൾ മാത്രമേ നാടകോത്സവത്തിന് സ്വീകരിക്കുകയുള്ളൂ.

സി) ഒരു സമിതി ഒന്നിൽ കൂടുതൽ നാടകങ്ങൾ നാടകോത്സവത്തിന് അയക്കാൻ പാടില്ല.

ഡി) തെരഞ്ഞെടുക്കപ്പെട്ട നാടകത്തിന്റെ സംവിധായകൻ, അഭിനേതാക്കൾ, അണിയറപ്രവർത്തകർ, സാങ്കേതികപ്രവർത്തകർ എന്നിവർ പ്രവാസികളായിരിക്കണം.

7 തെരഞ്ഞെടുക്കപ്പെടുന്ന നാടകസംഘങ്ങൾ കലാസമിതിയുടെയും, അഭിനേതാക്കളുടെയും സാങ്കേതികപ്രവർത്തകരുടെയും അണിയറപ്രവർത്തകരുടെയും തിരിച്ചറിയൽ രേഖകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നല്കണം.

8 നാടകാവതരണത്തിന് യാത്രാചെലവ് ഉൾപ്പെടെ ഒരു ലക്ഷം രൂപയാണ് അക്കാദമി പ്രതിഫലമായി അനുവദിക്കുക.

9 അവതരണകേന്ദ്രങ്ങളിൽ സംഘാടകരുമായി സഹകരിച്ച് നാടകത്തിനാവശ്യമായ ലൈറ്റ്, സൗണ്ട്, ജനറേറ്റർ എന്നിവ അക്കാദമി ഏർപ്പെടുത്തുന്നതാണ്.

10 സംഘം സമർപ്പിക്കുന്ന സ്ക്രിപ്റ്റോ അനുബന്ധരേഖകളോ തിരിച്ചു നൽകുന്നതല്ല.

11 പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന നാടകങ്ങൾ പരിഗണിക്കുന്നതല്ല.

12 ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിന്റെ അർത്ഥത്തെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അതിൽ അവസാന തീരുമാനം എടുക്കാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹക സമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.

13 ഈ നാടകോത്സവത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശ്ശൂരായിരിക്കും.

സെക്രട്ടറി.

*സി.പി.എസ്.*